Santhigiri

ഗുരുവാണി

"ഉള്ളവനേ കൊടുക്കാനൊക്കൂ. അറിഞ്ഞവനേ അറിയിക്കാൻ കഴിയൂ."

# ഉമ്മിണിതങ്കം

VOL 04 | ISSUE 35 | 2018 ഓഗസ്റ്റ് 19 | 1194 ചിങ്ങം 03

Newspaper published from Santhigiri Ashram / For Private Circulation Only / www.santhigiriashram.org / തിരുവനന്തപുരം റൂറൽ

# മഹാപ്രളയദുരന്തത്തിൽപ്പെട്ടവർക്ക് ആശ്രയമായി ശാന്തിഗിരി ആശ്രമം

**തിരുവനന്തപുരം:** കേരളത്തെ നടുക്കിയ മഹാപ്രളയദുരന്തത്തിൽ വിറങ്ങലിച്ചുനില്ക്കുന്ന പതിനായിരങ്ങൾക്ക് ആശ്വാസമേകാൻ ശാന്തിഗിരി ആശ്രമവും രംഗത്ത്. ദുരന്തമേഖലയിൽ നിന്നും രക്ഷപ്പെടുത്തിയവർക്കായി കേന്ദ്രാശ്രമത്തിൽ താല്കാലിക ക്യാംപ് ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ദുരിതാശ്വാസ ക്യാംപുകളിൽ ഭക്ഷണ-അവശ്യസാധനങ്ങളുടെ വിതരണം എന്നിവയും ആശ്രമം ഏരിയ ഓഫീസുകളുടെ നേതൃത്വത്തിൽ നടത്തിവരുന്നു. സംസ്ഥാനത്തെങ്ങും ആശ്രമം നടത്തിവരുന്ന വെള്ളപ്പൊക്ക ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കേന്ദ്രാശ്രമത്തിൽ പ്രത്യേക ഓഫീസ് തുറന്നിട്ടുണ്ട്. സർവാദരണീയ ഓർഗനൈസിംഗ് സെക്രട്ടറിയുടെയും ജോയിന്റ് സെക്രട്ടറിയുടെയും നേതൃത്വത്തിലാണ് ആശ്രമത്തിന്റെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടക്കുന്നത്.

മൂന്നു ലക്ഷത്തിലേറെ ആളുകളാണ് സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിലെ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നത്. താഴ്ന്ന പ്രദേശങ്ങൾ മിക്കതും വെള്ളത്തിനടിയിലാണ്. ഇതുവരെ നാനൂറോളം പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്.

പ്രളയദുരിതാശ്വാസത്തിനായി ആശ്രമം ആരംഭിച്ച പ്രത്യേക അക്കൗണ്ടിലേക്ക് സഹായപ്രവാഹം തുടരുകയാണ്.

**ബാങ്ക് അക്കൗണ്ട് നമ്പർ**
**05570200005643**
**Santhigiri Ashram**
Bank and Branch
**Bank of Baroda,**
**Fort Branch**
IFSC Code
**BARB0TRIVAN**

ഈ അക്കൗണ്ടിലേക്കുള്ള ആദ്യ സംഭാവന ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി, എം.പി. പ്രമോദിൽ നിന്നും ഏറ്റുവാങ്ങി.

ആശ്രമത്തിന്റെ ആയിരത്തോളം പ്രവർത്തകർ വിവിധ സ്ഥലങ്ങളിൽ സേവനനിരതരാണ്. കൂടാതെ ഹെവി വെഹിക്കിൾ ഉൾപ്പെടെ പത്തിലേറെ വാഹനങ്ങൾ സർക്കാരിലേക്ക് ആശ്രമം വിട്ടുനല്കിയിട്ടുണ്ട്.

ആലപ്പുഴ, പത്തനംതിട്ട, എറണാകുളം, കോട്ടയം, ഇടുക്കി, തൃശൂർ ജില്ലകളിലും വടക്കൻ ജില്ലകളിലെ ദുരന്തബാധിത പ്രദേശങ്ങളിലും ആശ്രമത്തിൽ നിന്നുള്ള സന്ന്യാസിമാരുടെയും ആത്മബന്ധുക്കളുടെയും നേതൃത്വത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഭക്ഷ്യവസ്തുക്കൾ, വസ്ത്രങ്ങൾ, അത്യാവശ്യമരുന്നുകൾ തുടങ്ങിയവ ആശ്രമത്തിൽ നിന്നുള്ള സന്നദ്ധസംഘം പ്രളയബാധിത പ്രദേശങ്ങളിൽ വിതരണം ചെയ്തു.

ആദരണീയ സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വിയുടെയും സ്വാമി ജനമോഹനൻ ജ്ഞാനതപസ്വിയുടെയും കോഡിനേറ്റർ കെ. ബിജുവിന്റെയും നേതൃത്വത്തിൽ ആശ്രമത്തിൽ നിന്നുള്ള സന്നദ്ധപ്രവർത്തകർ പത്തനംതിട്ട ജില്ലയിലെ വിവിധ ദുരിതബാധിത പ്രദേശങ്ങളിൽ സഹായസഹകരണങ്ങൾ നല്കി.

ആത്മബന്ധുക്കളിൽ നിന്നും സ്റ്റാഫംഗങ്ങളിൽ നിന്നും അഭ്യുദയകാംക്ഷികളിൽ നിന്നും സമാഹരിച്ച നിത്യോപയോഗ സാധനങ്ങളും ഭക്ഷ്യവസ്തുക്കളും അടക്കമുള്ള സാധനങ്ങൾ ശാന്തിമഹിമ പ്രവർത്തകർ വിതരണം ചെയ്യുന്നുണ്ട്.

എറണാകുളത്ത് കലൂർ ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ പ്രവർത്തിക്കുന്ന ദുരിതാശ്വാസ ക്യാംപിൽ സഹായവുമായി ആശ്രമം പ്രവർത്തകർ എത്തി. ക്യാംപിലുള്ളവർക്ക് ഭക്ഷണപ്പൊതികൾ വിതരണം ചെയ്തു. കണ്ണൂർ ഇരിട്ടിയിൽ സ്വാമി മധുരനാദൻ ജ്ഞാനതപസ്വിയുടെ നേതൃത്വത്തിൽ ദുരിതാശ്വാസ ക്യാംപുകളിൽ കഴിയുന്നവരെ സന്ദർശിക്കുകയും ഭക്ഷണസാധനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. കോഴിക്കോട് തലയാട് ഉരുൾപൊട്ടിയ സ്ഥലത്ത് പ്രവർത്തകർ സഹായവുമായി എത്തി. കോഡിനേറ്റർ ജി. ഹരികൃഷ്ണൻ നേതൃത്വം നല്കി. ഹരിപ്പാട് ആശ്രമം ബ്രാഞ്ചിന്റെ സഹായ വിതരണം സ്വാമി ജയപ്രിയൻ ജ്ഞാനതപസ്വിയുടെ നേതൃത്വത്തിൽ നടക്കുന്നു. ഇടുക്കി ജില്ലയിൽ സ്വാമി ജനപുഷ്പൻ ജ്ഞാനതപസ്വിയുടെ നേതൃത്വത്തിൽ ദുരിതാശ്വാസ പ്രവർത്തനം നടത്തി. കോട്ടയത്ത് സ്വാമി സായൂജ്യനാഥ് ജ്ഞാനതപസ്വിയുടെ നേതൃത്വത്തിൽ ക്യാംപുകളിൽ ഭക്ഷണം വിതരണം ചെയ്തു.

ശേഷം മൂന്നാം പേജിൽ



ആശ്രമം ദുരിതാശ്വാസനിധിയിലേക്കുള്ള ആദ്യ ചെക്ക് സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിക്ക് എം.പി. പ്രമോദ് കൈമാറുന്നു



ഹരിപ്പാട് മേഖലയിലെ ദുരിതാശ്വാസപ്രവർത്തനം



കോട്ടയം ജില്ലയിലെ ദുരിതാശ്വാസപ്രവർത്തനത്തിൽ നിന്ന്



പത്തനംതിട്ട ജില്ലയിലേക്ക് ദുരിതാശ്വാസപ്രവർത്തനത്തിന് ആശ്രമത്തിൽ നിന്നു പുറപ്പെടുന്ന സന്നദ്ധപ്രവർത്തകർ

## ദുരിതബാധിതർക്ക് അഭയമൊരുക്കി ആശ്രമം

### സന്നദ്ധസംഘടനകളുമായി ചേർന്ന് ദുരിതാശ്വാസ പ്രവർത്തനം തുടങ്ങി

**തിരുവനന്തപുരം:** വെള്ളപ്പൊക്ക ദുരന്തത്തിൽ ദുരിതമനുഭവിക്കുന്നവർക്ക് അഭയമൊരുക്കി ശാന്തിഗിരി ആശ്രമം. കേന്ദ്രാശ്രമത്തിൽ ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കന്ററി സ്കൂൾ, ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂൾ, ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ ദുരിതബാധിതർക്ക് താല്ക്കാലിക വാസസ്ഥലമൊരുക്കിയിട്ടുണ്ട്. പ്രത്യേക മെഡിക്കൽ സഹായങ്ങൾ ഉൾപ്പെടെയുള്ള സജ്ജീകരണങ്ങളും തയ്യാറാക്കിയിട്ടുണ്ട്. ആശ്രമത്തിന്റെ ക്യാംപിലേക്ക് വിവിധ സന്നദ്ധ സംഘടനകളിൽ നിന്നും സഹായം എത്തുന്നു.

വി.കെ.എൽ. ഗ്രൂപ്പുമായി ചേർന്ന് ഒരു കോടി രൂപയുടെ അവശ്യസാധന കിറ്റുകൾ ദുരിതമേഖലയിൽ ആശ്രമം വിതരണം ചെയ്തുവരുന്നു. ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ വെള്ളപ്പൊക്ക ദുരന്തത്തിൽ കഷ്ടപ്പെടുന്നവരെ സഹായിക്കുന്നതിനായി ആശ്രമത്തിനൊപ്പം വിവിധ സാമൂഹ്യ സംഘടനകളും രംഗത്തുണ്ട്. സ്വസ്തി ഫൗണ്ടേഷൻ, ശ്രീഗോകുലം മെഡിക്കൽ കോളേജ്, സായി ഗ്രാമം, എസ്.എൻ. ഗ്ലോബൽ മിഷൻ, ട്രിവാൻഡ്രം വൈ.എം.സി.എ, എൽ.എൻ.സി.പി.ഇ. എന്നിവരുമായി ചേർന്ന് വിവിധ സഹായസഹരണങ്ങൾ നല്കിവരുന്നു. ആശ്രമത്തിന്റെ ഏരിയ ഓഫീസുകൾ കേന്ദ്രീകരിച്ചും ദുരിതാശ്വാസപ്രവർത്തനങ്ങൾ നടക്കുന്നു. അടിയന്തിരാവശ്യത്തിനുള്ള വസ്തുവകകളും ഭക്ഷ്യവസ്തുക്കളും ശേഖരിച്ച് ദുരിതബാധിതർക്ക് എത്തിച്ചുവരുന്നു.

# ഗുരുവാണി

ഇവിടുത്തെ ആശയം നമ്മുടെയിടയിൽ ഇതുവരെ പരിചയമുള്ള ഒരു വിഷയമല്ല. മറ്റൊരു സ്ഥലത്തുനിന്ന് ഇത് പറഞ്ഞു കേൾക്കാനും കഴിയില്ല. കാരണം ഈ വശം നടപ്പിൽ ഇല്ലാത്തതു തന്നെയാണ്. ഇതു വളരെ ദു:ഖിച്ച് ഏതാണ്ടൊരു നാൽപതു കൊല്ലത്തെ തീർപ്പായ ചീത്ത കേട്ടതാണ്. ഈ ദു:ഖത്തിന്റെ സമയത്ത് ഒരു മനുഷ്യൻ വന്നാൽ അവൻ നേരെ നില്ക്കില്ല. അതിങ്ങനെ പരിചയമായപ്പോൾ ഇതിലൊന്നും അത്ര ശ്രദ്ധിക്കാറില്ലായിരുന്നു. കാരണം ഒന്നും പറഞ്ഞുകൊടുക്കാനും പറയിപ്പിക്കാനും സാധിക്കില്ല. പിന്നെ കുറേപ്പേർ രോഗികളായിട്ടു വന്നു. അതിൽ ചിലതൊക്കെ ഒക്കുകയും ചിലത് ഒക്കാതെയും വന്നു. അതിന്റെ കാരണം പിന്നീടു മനസ്സിലായി.

ഇന്നിപ്പോൾ നമ്മൾ പോകുന്നവഴി എല്ലാം ഇതാണ്-ത്രിമൂർത്തി സമ്പ്രദായം. ഇതിൽ മൂന്നു കാലങ്ങളുടെയും വേല കഴിഞ്ഞു. ഇനി കലിയുടെ വേലയാണ്. കലിയുടെ ധർമ്മം എന്താണെന്ന് അന്വേഷിച്ചറിഞ്ഞ് ആ വഴി പൂർത്തിയാക്കലാണ് സത്യയുഗത്തിലേക്കുള്ള പോക്ക്. ഇത് മനുഷ്യലോകത്തിനുവേണ്ടി നമ്മൾ ചെയ്യുമ്പോൾ ചില കഷ്ടപ്പാടൊക്കെ വരും, വരാതിരിക്കില്ല. ഓരോ പദവി തരണം ചെയ്യുമ്പോഴാണ് ഈ കഷ്ടപ്പാട് വരുന്നത്. ഇന്നോളം വന്ന സകല മഹാത്മാക്കളും ഈ കഷ്ടപ്പാട് അനുഭവിച്ചിരിക്കുന്നു.

ശ്രീരാമൻ വലിയ മഹാനാണെന്നാണല്ലോ നമ്മൾ ആഘോഷിക്കുന്നത്. ശ്രീരാമൻ എന്തിന് സരയൂനദിയിൽ ഇറങ്ങിപ്പോയി എന്നു ചോദിച്ചാൽ, അങ്ങനെ പോയി ജലസമാധി പ്രാപിച്ചു എന്നാണിവർ പറയുന്നത്. രാമതീർത്ഥരെപ്പറ്റിയും അങ്ങനെ തന്നെ പറയുന്നു. ഇതൊക്കെ എന്തൊരു കള്ളത്തരമാണ് ? ഈ മുകളിൽ നില്ക്കുന്ന കർമ്മശേഷി കണ്ടിട്ട് സഹിക്കാൻവയ്യാതെ അവർ ഇതു ചെയ്തുപോയതാണ്. ഈ മഹാത്മാക്കൾ പോലും അതിൽ പെട്ടുപോയിരിക്കുന്നു. അല്ലാതെ അവർ വെറുതെ അങ്ങു പോയിരിക്കുകയല്ല.

ഈ സത്യം പറയുന്നതിനുപകരം ഭഗവാന്റെ മായയായിട്ടാണ് ഇവർ പറയുന്നത്. ചിദംബരത്തെപ്പറ്റിയും ഭഗവാന്റെ മായ എന്നല്ലേ നമ്മൾ പറയുന്നത്. ഇത് എന്തൊരു കള്ളത്തരമാണ് ! ഭഗവാന്റെ മായ ഇങ്ങനെയാണോ? ദേവപൂർത്തീകരണം വരുത്തിക്കൊണ്ട് സകല കർമ്മവും ദേവന്റെ കീഴിലാക്കിയിരിക്കുകയാണ്. യുഗധർമ്മനുസരിച്ച് കർമ്മിക്കാൻ നമുക്കറിയാത്തതുകൊണ്ട് ദേവന്റെ കീഴിൽത്തന്നെ കിടക്കുകയാണ് നമ്മൾ.

ഞാനിതു പറയുന്നത് ഇനിമേലെങ്കിലും ഇങ്ങനെ ഒരറിവിൽ പ്രവർത്തിച്ചുകൊള്ളാൻ വേണ്ടിയാണ്. അല്ലാതെ കളഞ്ഞിട്ടു പോകാനല്ല. അങ്ങനെ കളഞ്ഞാൽ പോവുകയുമില്ല. ഇതിനെ കളയാൻ വേറൊരു വഴിയുണ്ട്. ആ വഴിക്കു കളഞ്ഞാലേ നേരത്തെ സൂചിപ്പിച്ച കർമ്മശേഷിയിൽ (യോഗഭ്രഷ്ടൻ) നിന്നും രക്ഷപ്പെടാൻ കഴിയൂ. ഈ കർമ്മശേഷിയെ ഉദ്ദേശിച്ചാണ് നബി പറഞ്ഞത് ജിന്നുക്കൾ ഉലകം ഭരിക്കുന്നു എന്ന്. പിതാവേ നീ എന്നെ കൈവെടിഞ്ഞോ എന്ന് യേശു വിളിച്ചുപറഞ്ഞതും ഇതിനെ തന്നെ. ശങ്കരാചാര്യർ ഒരു കൊക്കയിലേക്കിറങ്ങിപ്പോയി എന്നു പറഞ്ഞിരിക്കുന്നു. ഇതിനു കാരണവും ഇതു തന്നെ.

ഇതൊന്നും മനസിലാകാത്ത ഭാഷയിൽ ചരിത്രം സൃഷ്ടിച്ചിരിക്കുന്നു. ജാതിയും ജാതിക്കുജാതിയും പറഞ്ഞു വളർത്തിയിട്ട് അതിൽനിന്നു മുതലെടുക്കാനുള്ള തോന്ന്യാസമാണ്. ഈ തോന്ന്യാസത്തിൽ നിന്നു രക്ഷപ്പെടാമെന്നാരും കരുതേണ്ട. ഈ ഭരണാധികാരികൾ ഇതു മനസിലാക്കിയില്ലെങ്കിൽ രാജ്യത്തിന്റെ ഒരു ഭാഗം അഗ്നിക്കിരയാവുകയോ വെള്ളത്തിലാഴ്ന്നു പോവുകയോ ചെയ്യും. അങ്ങനെ ഓരോ ഭാഗമായിട്ട് ഓരോ കലി വരുമ്പോഴും മുങ്ങിക്കൊണ്ടിരിക്കും. ചിലപ്പോൾ തീ പിടിക്കുകയായിരിക്കും ചെയ്യുന്നത്. ഈ കലിയെ അങ്ങനെ വിളിച്ചു വരുത്തരുതെന്നാണ് ഞാൻ പറയുന്നത്. ഇതിനെ മാറ്റുന്നതിനാണ് ദൈവം.

## വചനദീപ്തി

**പുരുഷവേഷം ധരിച്ചെത്തിയ സാക്ഷാൽ ഈശ്വരൻ തന്നെയാണോ ഈ അനുകമ്പയാണ്ടവൻ? അതോ ദിവ്യമായ മനുഷ്യരൂപം ധരിച്ചെത്തിയ സാക്ഷാൽ ധർമ്മം തന്നെയാണോ? അതോ ദൈവപുത്രനായി ജനിച്ച ക്രിസ്തുദേവനോ കരുണാനിധിയായി, തീരാത്ത രത്നമായി പ്രശോഭിച്ച നബി തിരുമേനി തന്നെയാണോ?**

ശ്രീനാരായണഗുരു (അനുകമ്പാദശകം)

## സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

23.8.2018 – ശാന്തിപുരം, രത്നഗിരി

24.8.2018 – ആനന്ദപുരം

## യാമപ്രാർത്ഥന

2018 ഓഗസ്റ്റ് 23, വ്യാഴം

## പൗർണ്ണമി

2018 ഓഗസ്റ്റ് 25, ശനി

### പ്രകാശപദം

# പ്രാർത്ഥനയെന്നു പറയുന്ന ഭാഗം ഏതേത് ജന്മങ്ങളിൽ നാം ചെയ്തൊതുക്കും?

പ്രാർത്ഥനയെന്നു പറയുന്ന ഭാഗം ഏതേത് ജന്മങ്ങളിൽ നാം ചെയ്തൊതുക്കും? ഇപ്പോൾ നമ്മുടെ അഖണ്ഡനാമം തന്നെ അശരീരിയായിട്ട് കിട്ടിയ രംഗത്തെപ്പറ്റി നാം ചിന്തിക്കണം. ഇപ്പോൾ ആ അശരീരി എങ്ങനെ കിട്ടി. പ്രകാശത്തിൽനിന്നും ശബ്ദം ഉണ്ടാകുന്നു. ആ ശബ്ദത്തിൽ നിന്നും ആരുടെ നാമമുണ്ടാകുന്നോ, ഏത് സ്തോത്രമുണ്ടാകുന്നോ, ഏത് സ്തുതിഗീതങ്ങളുണ്ടാകുന്നോ എന്ന് നാം ചിന്തിക്കണം. അതാരെങ്കിലും നമ്മളാരെങ്കിലും പറഞ്ഞുവച്ചിരുന്നതാണോ? വേറെ ഋഷീശ്വരൻമാർ ജനിച്ചിരുന്നോ, ഏതെല്ലാം കർമബന്ധത്തിൽ നിന്നും പൊട്ടിപ്പോയവർ ഇതിനെപ്പറ്റി ചിന്തിക്കുകയും അതിനെ അതിന്റെ മനസാക്ഷിയോടുകൂടി നിന്ന് പ്രവർത്തിക്കുകയും ചെയ്ത രംഗങ്ങളിൽ എങ്ങനെയാണ് ഈ അന്തരീക്ഷത്തിൽ വിലയം പ്രാപിച്ചു നിൽക്കുന്നത്? അങ്ങനെ വ്യാപകമായി നിൽക്കുന്ന ഈ അപകടകരമായ സർവ്വശക്തികളും ഈ അഖണ്ഡനാമജപത്തിൽ നിന്ന് ആ സുകൃതമായിട്ടു വരുന്ന ആ ശബ്ദം കേട്ടിട്ട് അവർ എത്തേണ്ട സ്ഥാനത്ത് എത്തുകയും നമ്മുടെ ദോഷം തീരുകയും ചെയ്യും. ഇപ്പോൾ അത് സ്തോത്രമായിട്ടും, സ്തുതിയായിട്ടും ഗീതമായിട്ടും ഈശ്വരനെ പ്രാർത്ഥിച്ച് ഉള്ളിലേക്കെടുക്കുന്ന ഒരു സുകൃതമാണ്. ആ സുകൃതം ഏതൊരു തപോബല ശക്തിയിലേക്കാണ് നമ്മളെ കൊണ്ടെത്തിക്കുന്നതെന്ന് അവസ്ഥാന്തരങ്ങളിൽക്കൂടി നാം മനസ്സിലാക്കുകയാണ്. ഇത് അനുഭവമാണ്. കാരണം ജാഗ്രത്തിലും സ്വപ്നത്തിലും സുഷുപ്തിയിലും തുരിയത്തിലും തുരിയാതീതത്തിലും കണ്ടിട്ട് ഈ അഖണ്ഡനാമം എവിടെ നിന്നാണ് ഉണ്ടാകുന്നത്? ആരാണ് ഇത് ആദ്യമായിട്ട് നമ്മളോട് പറഞ്ഞത്? ആ ബ്രഹ്മശക്തിയിൽ നിന്ന് ആ കാരുണ്യത്തിൽ നിന്ന് നമുക്ക് കിട്ടിയ ആ വാക്ക് എങ്ങനെയാണ്? നാം ഗുരുവിനെ ദൈവമായിട്ടും ആ ദൈവത്തിന്റെ പ്രതിബിംബമായിട്ടും കാണുകയാണ്. അതിൽ ലയിച്ചുചേരുന്ന പ്രകാശസ്രോതസ്സിനെപ്പറ്റിയാണ് നാം 'നവഒലി' എന്നും 'നവസങ്കല്പങ്ങൾ' എന്നും 'നവപൂജിതം' എന്നും പറയുന്നത്. ആ ഭാഗത്ത് ഈ പ്രകാശം എവിടെയാണ് പൂർണ്ണതയിൽ പൂർണ്ണമായി നിൽക്കുന്നത് എന്നറിയാൻ, 'അനുഭൂതി' അല്ലെങ്കിൽ 'സാക്ഷാത്കാരം' അല്ലെങ്കിൽ 'പ്രത്യക്ഷാവഹം ധർമം' എന്നൊക്കെ പറയുന്ന ഭാഗം മനസ്സിൽക്കൂടി നമ്മൾ അനുഭവിച്ചറിയുകയാണ്. ആ അനുഭവം നമ്മളും മറ്റുള്ളവരുമായി പങ്കുവച്ചിട്ട് മനസ്സിന്റെ ഉള്ളിൽ നിന്ന് ഈ അഖണ്ഡനാമം നാമറിയാതെ വരികയാണ്. ജപിച്ചുകൊണ്ടേയിരിക്കുകയാണ്. ആ ജപമാണ് യഥാർത്ഥമായ നാമസ്മരണയായിട്ട് ഈ ലോകത്തും, പരലോകത്തും, ഇനി വരാനിരിക്കുന്ന ലോകത്തും അല്ലെങ്കിൽ ഇനിയും സൗരയൂഥത്തിന്റെ ഏതേത് രംഗങ്ങളിലേക്ക് മാറണമെന്നും നമ്മൾ കാണുന്നത്.

ഋഷിമാർ ഓരോന്നും ഈ നാമം ജപിച്ചിട്ട് നിങ്ങൾക്ക് എന്തൊക്കെ സാധിക്കാൻ പറ്റും-ചീത്തയായിട്ടല്ല, നല്ലതിനുവേണ്ടി എന്തു സാധിക്കാൻ പറ്റും- ആ പറ്റുന്ന പറ്റൽ എന്തിനെപ്പറ്റി പറ്റുന്നതായിരിക്കണം എന്നാണ് നമ്മുടെ പിന്നത്തെ ചിന്താഗതി. അങ്ങനെ ഈ അശരീരിയായി കിട്ടിയ ഈ ഭാഗം നമ്മൾ മനസിൽ സൂക്ഷിച്ചിട്ട് എന്റെ എല്ലാ ജീവിതസരണികളിലും ജീവിതത്തിന്റെ വഴിത്തിരിവുകളിലും, ഞാൻ ഏറ്റവും വലിയൊരായുധം- സർവ്വനീചത്വങ്ങളെയും നശിപ്പിക്കാനുതകുന്ന ഒരായുധമായിട്ടുതന്നെ- ഞാൻ ഇതിൽ നിൽക്കുന്നു. അങ്ങനെയൊരു മന:ശാഠ്യത്തോടുകൂടി ഞാൻ സദാ മനസ്സു നമിക്കുകയാണ്. ഞാൻ എന്റെ ഗുരുവിന്റെ പാദത്തിൽ ഇത് സമർപ്പിക്കുകയാണ്. ഈ മന്ത്രം ചൊല്ലിത്തന്നെ ഞാനിതെല്ലാം ആയിത്തീരും. അതാണ് യഥാർത്ഥമായ ഒരു ഭക്തന്റെ സവിശേഷത.

**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ**
അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്

# ഗുരുവിന്റെ അപാരമായ കാരുണ്യത്തിനുവേണ്ടി

സനാതനം എന്നാൽ സത്യമെന്നേ അർത്ഥമുള്ളൂ. സനാതന സംസ്കാരം സത്യത്തിന്റെ സംസ്കാരം. സത്യം ഗുരുവാണല്ലോ. അതുകൊണ്ട് സനാതന സംസ്കാരം ഗുരുവിന്റെ സംസ്കാരം. ഭാരതത്തിന് വളരെ വിശാലമായ ഗുരുപാരമ്പര്യം എന്ന ധന്യതയുണ്ട്. പരമ്പരാഗതമായ ഈ ധന്യതയുടെ സംസ്കാരത്തെയാണ് നാം സനാതനസംസ്കാരമെന്നു പറയുന്നത്. വിവേകശാലികൾക്കു മാത്രമെ ഈ സംസ്കാരം മനസിലാകൂ.

ആരാണ് വിവേകശാലികൾ ? ഒരു പരിപൂർണ്ണനായ മനുഷ്യനാണ് ഗുരുവെന്ന ദൈവം. പരിപൂർണ്ണനായ മനുഷ്യന്റെ ക്രമാനുഗതമായ വളർച്ചയുടെ പരിണാമം പൂജ്യം മുതൽ അനന്തത വരെയാണ്. അതായത് അണു മുതൽ അഖണ്ഡം വരെ. മഹിമയുള്ള ഒരു ജീവൻ അതിന്റെ അണുപ്രായം തുടങ്ങുന്നതു മുതൽ സ്വകർമ്മത്താൽ ബദ്ധമാണ്. ഓരോ ജന്മത്തിലും ഈ ജീവന്റെ പ്രേരണയിൽ, അതുൾക്കൊള്ളുന്ന ശരീരം കർമ്മം ചെയ്യുന്നു. കർമ്മത്തിന്റെ പ്രേരണ ആ ജീവൻ ഉൾക്കൊള്ളുന്ന ചൈതന്യത്തിന്റെ സ്വാധീനമാണ്. ഇങ്ങനെ ശരീരം നിരന്തരമായി കർമ്മം ചെയ്യുന്നു. കർമ്മഫലമായി കർമ്മബന്ധങ്ങളും വാസനയും സംജാതമാകുന്നു. ഇങ്ങനെ ആയിരക്കണക്കിന് ജന്മങ്ങൾകൊണ്ട് ചെയ്ത കർമ്മഫലത്തിന്റെ നന്മതിന്മകൾ ജീവനിൽ കെട്ടിനില്ക്കുന്നു. ഈ ജീവൻ വിഭാവന ചെയ്യുന്ന സംസ്കാരം (കർമ്മഗതി) ആണ് വിവേകം. നന്മതിന്മകളുടെ തൂക്കം എത്രകണ്ട് വർദ്ധിച്ചിരിക്കുന്നുവോ അത്രകണ്ട് ഒരുവൻ വിവേകശാലിയാണ്. വിവേകശാലിയായ ഒരുവന്റെ കർമ്മം ദൈവത്തിന്റെ (സത്യത്തിന്റെ) ഇച്ഛാശക്തിയോട് ഒട്ടിനില്ക്കും. അനുഭൂതി പകരാനും ജീവനെ ശുദ്ധീകരിക്കാനും പ്രാപ്തനായ ഗുരുവെ തിരിച്ചറിയാൻ ഈ വിവേകശാലിക്ക് അമിതമായ ചോദ്യോത്തരങ്ങളുടെ ആവശ്യം വേണ്ടിവരില്ല. കണ്ടാൽ മാത്രം മതിയാകും. സ്പർശനം തന്നെ അനുഭൂതിദായകമാണ്. ഗുരുവിന്റെ ഇച്ഛാശക്തിയോട് ഒട്ടിനിന്നുകൊണ്ട് സദാനേരവും മനസാ വാചാ കർമ്മണാ സ്വകർമ്മം ചെയ്ത് അവന്റെ ജ്ഞാനത്തെയും അജ്ഞാനത്തെയും കുറിച്ച് ബോധവാനാകുന്ന ഈ ശിഷ്യൻ പിന്നെ ശ്രമിക്കേണ്ടത് ഗുരുവിന്റെ അപാരമായ കാരുണ്യത്തിനു വേണ്ടിയാണ്. വിവേകശാലിയായ മനുഷ്യൻ ഇതിനുവേണ്ടി സദാ ബദ്ധശ്രദ്ധനായിരിക്കും.

# പ്രളയാനന്തര ദുരിതങ്ങൾ കരുതിയിരിക്കണം

**തിരുവനന്തപുരം:** സംസ്ഥാനം നേരിടുന്ന രൂക്ഷമായ വെള്ളപ്പൊക്കദുരന്തത്തിന്റെ ശരിയായ വെല്ലുവിളികൾ വരാനിരിക്കുന്നതേയുള്ളൂ എന്ന് വിദഗ്ദ്ധർ ചൂണ്ടിക്കാട്ടുന്നു. രണ്ടോ മൂന്നോ ദിവസത്തിനകം വെള്ളമിറങ്ങിയാൽ പകർച്ചവ്യാധികൾക്ക് ഉൾപ്പെടെ സാധ്യതയുണ്ട്. 99 ലെ വെള്ളപ്പൊക്കത്തിൽ ഏറ്റവുമധികം ആളുകൾ മരിച്ചത് വെള്ളപ്പൊക്കത്തിലല്ല. അതിനുശേഷം ഉണ്ടായ പനി, കൃഷിനാശം മൂലമുണ്ടായ പട്ടിണി ഇതിലൊക്കെയാണ്. ഇത് മുന്നറിയിപ്പായി കണ്ട് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. മഴ കഴിഞ്ഞ് തിരിച്ചു വീട്ടിലെത്തുന്നവർക്ക് ആരോഗ്യകാര്യത്തിൽ പ്രത്യേകിച്ച് നിർദ്ദേശങ്ങൾ നൽകണം. കുടിവെള്ള സ്രോതസ്സുകൾ മലിനമായത് ശുദ്ധീകരിച്ച് എടുക്കാനുള്ള ജോലികൾ തുടങ്ങണം. സാനിറ്റേഷൻ, വാട്ടർ സപ്ലൈ, ആരോഗ്യം, വിദ്യാഭ്യാസം ഈ കാര്യങ്ങളിൽ വേണം ഇനി പ്രധാനമായി ശ്രദ്ധിക്കേണ്ടത്. മലീമസമായ വീടും പരിസരവും കിണറുകളുമെല്ലാം അണുനാശിനി ഉപയോഗിച്ചുതന്നെ ശരിയായി ശുദ്ധീകരിക്കേണ്ടതുണ്ട്. ജലം ശുദ്ധീകരിക്കാനും വീടുകൾ അണുവിമുക്തമാക്കാനും ഏറ്റവും നല്ല മാർഗ്ഗം ക്ലോറിനേഷനാണ്.

ഓരോ ദുരന്തവും ഓരോ അവസരങ്ങൾ കൂടിയാണ്. ദുരന്ത സാധ്യതകളും കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രശ്നങ്ങളും ഉൾപ്പെടുത്തിയ ഒരു ഭൂമി ഉപയോഗ സമ്പ്രദായം നമുക്ക് വേണമെന്ന കാര്യം കേരളത്തിലെ ജനങ്ങൾ ഇപ്പോൾ മനസിലാക്കിക്കഴിഞ്ഞു. നാശനഷ്ടമുണ്ടായ വീടുകളും റോഡുകളും അതുപോലെതന്നെ പുനർനിർമ്മിക്കുന്നതിനു മുൻപ് പുതിയ യാഥാർത്ഥ്യത്തിന് യോജിച്ച ലാൻഡ് യൂസ് നിയമങ്ങളും കൊണ്ടുവരേണ്ടതുണ്ട്. ഈ ദുരന്തം കേരളത്തെ സുസ്ഥിര വികസനത്തിന്റെ പാതയിലേക്ക് കൊണ്ടുവരാനുള്ള ഒരു അവസരമായി കാണണമെന്നാണ് ഈ രംഗത്തെ വിദഗ്ദ്ധർ അഭിപ്രായപ്പെടുന്നത്.



*ശാന്തിഗിരി വിദ്യാഭവൻ സമാഹരിച്ച ദുരിതാശ്വാസസഹായം സ്വാമി നിർമോഹാത്മ ജ്ഞാനതപസ്വി കൈമാറുന്നു*

# വെള്ളാണിക്കൽ പാറ ശുചീകരിച്ചു

**കോലിയക്കോട്:** സ്വാതന്ത്ര്യദിനത്തിൽ ശാന്തിഗിരി ശാന്തിമഹിമ പ്രവർത്തകരുടെ നേതൃത്വത്തിൽ പ്രാദേശിക വിനോദ സഞ്ചാരകേന്ദ്രമായ വെള്ളാണിക്കൽ പാറ ശുചീകരിച്ചു. ഗുരുനാമ മന്ത്രാർച്ചനയോടെ മാലിന്യമുക്തമാക്കിയതിനുശേഷം ഇവിടെ വെയിസ്റ്റ് ബിന്നുകൾ സ്ഥാപിക്കുകയും ചെയ്തു. മാണിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. സുജാതയാണ് പരിപാടി ഉദ്ഘാടനം ചെയ്തത്. സ്വാമി നവകൃപ ജ്ഞാനതപസ്വി, സ്വാമി ജനമോഹനൻ ജ്ഞാനതപസ്വി, ഗ്രാമപഞ്ചായത്ത് മെമ്പർ ആർ. സഹീറത്ത് ബീവി, എം.പി. പ്രമോദ് തുടങ്ങിയവർ ശുചീകരണ കർമ്മത്തിൽ പങ്കെടുത്തു.



*ശാന്തിമഹിമയുടെ നേതൃത്വത്തിൽ നടത്തിയ വെള്ളാണിക്കൽപാറ ശുചീകരണകർമ്മത്തിൽ നിന്ന്*

# 'നവപൂജിതം' ആലോചനായോഗം നടന്നു



*ആലോചനായോഗത്തിൽ സ്വാമി ചൈതന്യ ജ്ഞാനതപസ്വി സംസാരിക്കുന്നു*

**സ്പിരിച്വൽ സോൺ:** നവപൂജിതം ആലോചനായോഗം ഓഗസ്റ്റ് 14 ന് ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാനതപസ്വിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. കേരളം കണ്ട ഏറ്റവും വലിയ പ്രകൃതിദുരന്തത്തിന്റെ പശ്ചാത്തലത്തിൽ നവപൂജിതത്തിനു മുന്നോടിയായി നടത്താനിരുന്ന എല്ലാ പരിപാടികളും മാറ്റിവച്ച് ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടും പ്രാർത്ഥനയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടും നവപൂജിതം ആഘോഷിക്കണമെന്ന് സ്വാമി നിർദ്ദേശിച്ചു. ഓണാഘോഷ പരിപാടികളും ഉണ്ടായിരിക്കുന്നതല്ല. ആശ്രമം ജോയിന്റ് സെക്രട്ടറി സ്വാമി ഗുരുമിത്രൻ ജ്ഞാനതപസ്വി, ഡി. പ്രദീപ് കുമാർ എന്നിവരും സംസാരിച്ചു. വിവിധ ഡിപ്പാർട്ട്മെന്റ് പ്രതിനിധികൾ പങ്കെടുത്തു.



*ശാന്തിഗിരി മാതൃമണ്ഡലത്തിന്റെ ദുരിതാശ്വാസ സഹായം കൈമാറുന്നു*

# ട്രെയിനിംഗ് നടത്തി

**കൊച്ചി:** ഓഗസ്റ്റ് 13, 14 തീയതികളിൽ ആലപ്പുഴ, എറണാകുളം, കോട്ടയം, ഇടുക്കി, തൃശൂർ, പാലക്കാട് ജില്ലകളിലെ ഏരിയ ഓഫീസുകളിലെ സ്റ്റാഫംഗങ്ങൾക്കായി ദ്വിദിന ട്രെയിനിംഗ് പ്രോഗ്രാം നടത്തി. ഹോട്ടൽ പേൾ പാലസിൽ വച്ച് നടത്തിയ ക്യാമ്പിൽ സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി, ഡോ. കെ.ആർ.എസ്. നായർ എന്നിവർ ക്ലാസ് നയിച്ചു. ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രെയിനിംഗ് ആന്റ് ഡെവലപ്മെന്റ് ആണ് ട്രെയിനിംഗ് ക്യാമ്പ് സംഘടിപ്പിച്ചത്.

# സുഭാഷിതം

**തിരുവനന്തപുരം:** തിരുവോണനാളായ ഓഗസ്റ്റ് 25ന് ശാന്തിഗിരി ആശ്രമം, ഹ്യൂമൻ റിസോഴ്സസ് സീനിയർ ജനറൽ മാനേജർ ഡോ. കെ.ആർ.എസ്. നായർ അവതരിപ്പിക്കുന്ന സുഭാഷിതം ആകാശവാണി പ്രക്ഷേപണം ചെയ്യും. രാവിലെ 5.55 നാണ് അഞ്ച് മിനിറ്റ് ദൈർഘ്യമുള്ള ഈ പരിപാടി പ്രക്ഷേപണം ചെയ്യുന്നത്. പുനഃപ്രക്ഷേപണം രാത്രി 11.00 മണിക്ക് ഉണ്ടായിരിക്കും. സെപ്റ്റംബർ 1, 8, 15 തീയതികളിലും കെ.ആർ.എസിന്റെ സുഭാഷിതം ഉണ്ടായിരിക്കും.


**വസ്തു വില്പനയ്ക്ക്**

പാലോട്ടുകോണത്ത് ഗൃഹനിർമ്മാണത്തിന് അനുയോജ്യമായ 14 സെന്റ് സ്ഥലം വില്പനയ്ക്ക്. പോത്തൻകോട്-വെഞ്ഞാറമൂട് റോഡിൽ നിന്നും 1.25 കിലോമീറ്റർ അകലെ. ഫോൺ: 9946761740

Advt


# ആശ്രയമായി ശാന്തിഗിരി

(ഒന്നാം പേജ് തുടർച്ച)

തൃശൂർ ജില്ലയിലെ പ്രവർത്തനങ്ങൾ സ്വാമി ജ്യോതിചന്ദ്രൻ ജ്ഞാനതപസ്വിയുടെ നേതൃത്വത്തിലാണ് നടന്നുവരുന്നത്. ചന്ദിരൂർ ജന്മഗൃഹത്തിലും എറണാകുളം, തൃശൂർ ആശ്രമങ്ങളിൽ വെള്ളപ്പൊക്കത്തിൽ ദുരിതം അനുഭവിക്കുന്ന ആത്മബന്ധുക്കൾക്കായി താമസസൗകര്യം ഒരുക്കിയിട്ടുണ്ട്. വെഞ്ഞാറമൂട് വാമനപുരത്ത് ആരംഭിച്ച ദുരിതാശ്വാസ ക്യാംപിൽ കേന്ദ്രാശ്രമത്തിൽ നിന്നു ഭക്ഷണം വിതരണം ചെയ്തുതുടങ്ങി.

ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ്, ശാന്തിഗിരി ആയുർവേദ മെഡിക്കൽ കോളേജ്, എസ്.എച്ച്.ആർ.ഒ. എന്നിവയുടെ നേതൃത്വത്തിലും ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും പി.റ്റി.എ., പൂർവ്വ വിദ്യാർത്ഥികളും സംസ്ഥാനത്തെ സിദ്ധ മേഖലയിലെ ഡോക്ടർമാരും അഭ്യുദയകാംക്ഷികളും ഒരുമിച്ചു ചേർന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് തുക സംഭാവന ചെയ്യുന്നതാണ്. ഇതിനായി തുറന്ന പ്രത്യേക അക്കൗണ്ട് നമ്പരിലേക്ക് സംഭാവന നല്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കായി ഫോൺ – 8111882281.

മധ്യകേരളത്തിലും വടക്കൻ കേരളത്തിലുമാണ് മഹാപ്രളയം ഏറെ ദുരിതങ്ങൾ വിതച്ചത്. പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലാണ് ദുരിതം രൂക്ഷമായത്. സൈന്യത്തിന്റെയും ദേശീയ ദുരന്തനിവാരണ സേനയുടെയും സംസ്ഥാന പോലീസിന്റെയും ഫയർഫോഴ്സിന്റെയും നേതൃത്വത്തിൽ നടക്കുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങൾ വിവിധ ജില്ലകളിൽ ഊർജ്ജിതമായി നടന്നു. ഓപ്പറേഷൻ 'കരുണ' എന്നു പേരിട്ട ദുരന്തനിവാരണ പ്രവർത്തനത്തിൽ നൂറുകണക്കിന് സൈനികർക്കൊപ്പം ആയിരക്കണക്കിന് സന്നദ്ധ പ്രവർത്തകരും നാട്ടുകാരും എല്ലാം മറന്ന് രംഗത്തെത്തി. രക്ഷാപ്രവർത്തകർക്ക് എത്തിച്ചേരാൻ കഴിയാത്ത സ്ഥലങ്ങളിൽ ഹെലികോപ്റ്ററിലടക്കം ആളുകളെ രക്ഷപ്പെടുത്തി. വെള്ളിയാഴ്ച വൈകിട്ട് സംസ്ഥാനത്തെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദിയും മുഖ്യമന്ത്രി പിണറായി വിജയനും ദുരിതബാധിത പ്രദേശങ്ങളിൽ സന്ദർശനം നടത്തി. ദുരന്തനിവാരണത്തിന് എല്ലാവിധ സഹായങ്ങളും നല്കുമെന്ന് പ്രധാനമന്ത്രി അറിയിക്കുകയുണ്ടായി. സംസ്ഥാനം നേരിട്ട ഏറ്റവും വലിയ പ്രകൃതി ദുരന്തത്തെ ജനങ്ങൾ ഒറ്റക്കെട്ടായി നേരിടുന്ന കാഴ്ചയാണ് എങ്ങുനിന്നും കാണാനാവുന്നത്.

# 'ഓപ്പറേഷൻ കരുണ'യുമായി സൈന്യം

**കൊച്ചി:** 'ഓപ്പറേഷൻ കരുണ' എന്ന പേരിൽ കര-നാവിക-വായു സേനകളുടെ നേതൃത്വത്തിൽ കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ രക്ഷാപ്രവർത്തനമാണ് നടത്തിയത്. പത്തനംതിട്ട, എറണാകുളം, ആലപ്പുഴ ജില്ലകളിൽ നിന്ന് കുടുങ്ങിക്കിടന്ന ആയിരക്കണക്കിനു പേരെ സൈന്യം രക്ഷപ്പെടുത്തി. വിപുലമായ രക്ഷാപ്രവർത്തനമാണ് സൈന്യം നടത്തിയത്. 100 വയസുള്ള വൃദ്ധ മുതൽ കൈക്കുഞ്ഞുങ്ങളെ വരെ രക്ഷപ്പെടുത്തി സൈനികർ സുരക്ഷിതസ്ഥാനങ്ങളിലെത്തിക്കുകയുണ്ടായി. വ്യോമസേനയുടെ ദക്ഷിണ കമാൻഡ് ആസ്ഥാനമായ തിരുവനന്തപുരം ആക്കുളത്തു നിന്നാണ് രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ശംഖുമുഖത്തെ നാവികസേനയുടെ ടെക്നിക്കൽ ഏരിയയിൽ നിന്നും കൊച്ചിയിൽ ഐഎൻഎസ് ഗരുഡയിൽ നിന്നുമാണ് രക്ഷാപ്രവർത്തകർ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലേക്കു പോകുന്നത്. പൂണെയിൽ നിന്നുള്ള ആർമി എൻജിനീയറിംഗ് ടാസ്ക് ഫോഴ്സും രക്ഷാപ്രവർത്തനങ്ങൾക്കായി സജീവമാണ്. സൈന്യത്തിനൊപ്പം തീരദേശസംരക്ഷണ സേനയും ദേശീയ ദുരന്ത നിവാരണ സേനയും സംസ്ഥാന പോലീസും ഫയർഫോഴ്സും മറ്റ് സന്നദ്ധപ്രവർത്തകരും സജീവമായി രംഗത്തുണ്ട്. രക്ഷാപ്രവർത്തനത്തിനായി തീരദേശത്തു നിന്നുള്ള മത്സ്യത്തൊഴിലാളികളുടെ ബോട്ടുകൾ വിവിധ സ്ഥലങ്ങളിൽ രക്ഷാപ്രവർത്തനത്തിനായി എത്തിച്ചിരുന്നു. ലോറികളിലെത്തിച്ച എൻജിൻ ഘടിപ്പിച്ച ചെറുബോട്ടുകളും മത്സ്യത്തൊഴിലാളികളുടെ സേവനവും രക്ഷാപ്രവർത്തനരംഗത്ത് ഏറെ ആശ്വാസകരമായി. മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന ചെറുതും വലുതുമായ യാനങ്ങളാണ് രക്ഷാപ്രവർത്തനത്തിനായി രംഗത്തിറക്കിയത്.



# 99 ലെ വെള്ളപ്പൊക്കം

**തിരുവനന്തപുരം:** കേരളം കണ്ട ഏറ്റവും വലിയ പ്രളയദുരന്തമാണ് 99 ലെ വെള്ളപ്പൊക്കം എന്ന് പഴമക്കാർ പറയുന്ന 1924 വർഷത്തിലെ ജലപ്രളയം. മലയാളമാസം 1099 വർഷമായിരുന്നതിനാലാണ് 99 ലെ വെള്ളപ്പൊക്കം എന്നറിയപ്പെടുന്നത്. ഏകേദശം 94 വർഷങ്ങൾ മുൻപ് 1924 ജൂലൈയിൽ സംഭവിച്ച ആ ജലപ്രളയത്തിൽ അന്ന് തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങളായി കിടന്നിരുന്ന കേരളത്തിന്റെ വിവിധ ഭാഗങ്ങൾ മുങ്ങിപ്പോയിരുന്നു. മൂന്നാഴ്ച തുടർച്ചയായി ഉണ്ടായ മഴയിൽ മുല്ലപ്പെരിയാർ ഡാം തുറക്കേണ്ടി വന്നു. പെരിയാർ കവിഞ്ഞ് ഒഴുകി, തൃശൂർ, ആലുവ, കോട്ടയം, ആലപ്പുഴ എന്നീ നഗരങ്ങൾ വെള്ളത്തിൽ മുങ്ങിപ്പോയി. കാന്താരി മല എന്നൊരു മല തന്നെ ഒലിച്ചുപോയി. ആയിരക്കണക്കിന് ആളുകൾ മരിച്ചു എന്നാണു അനൗദ്യോഗിക കണക്ക്. 3,368 മില്ലീമീറ്റർ മഴയാണ് അന്ന് പെയ്തത്. എന്നാൽ ഇപ്പോഴത്തെ മൺസൂണിൽ ജൂൺ ഒന്ന് മുതൽ ഓഗസ്റ്റ് 15 വരെ 2,087.67 മി.മി. മഴ പെയ്തുകഴിഞ്ഞു. ഇത് കഴിഞ്ഞ വർഷത്തേക്കാളും 30 ശതമാനം കൂടുതലാണ്. എന്നിരുന്നാലും 1924ലെ റിക്കോർഡ് ഭേദിക്കാൻ സാധ്യതയില്ലെന്നാണ് കാലാവസ്ഥാ നിരീക്ഷകർ പറയുന്നത്.

## വേദനിക്കുന്നവർക്കൊരു കൈത്താങ്ങ്









## ദുരന്തത്തിൽപ്പെട്ടവരെ നമുക്ക് സഹായിക്കാം

**തിരുവനന്തപുരം:** സമാനതകളില്ലാത്ത വെള്ളപ്പൊക്ക ദുരന്തത്തിൽ ദുരിതമനുഭവിക്കുന്ന സഹോദരങ്ങളെ നമുക്കും സഹായിക്കാം. ദുരിതാശ്വാസ ക്യാംപുകളിലേക്ക് അടിയന്തിരമായി ആവശ്യംവരുന്ന വസ്തുവകകൾ ഇവയാണ്.

**വസ്ത്രങ്ങൾ:** ബെഡ്ഷീറ്റുകൾ, പായകൾ, പുതപ്പുകൾ, കുട്ടികൾക്കുള്ള ഡ്രസുകൾ (ഒരു വയസുമുതൽ 12 വയസുവരെ), ഷർട്ടുകൾ, നൈറ്റികൾ, ലുങ്കികൾ, തോർത്തുകൾ (ഉപയോഗിയ്ക്കാത്തവ), അണ്ടർ ഗാർമെന്റ്സ് (ഉപയോഗിക്കാത്തവ), കുട്ടികൾക്കുള്ള ഡയപ്പർ, മുതിർന്നവർക്കുള്ള ഡയപ്പർ, സാനിട്ടറി നാപ്കിൻസ്.

**ഭക്ഷ്യവസ്തുക്കൾ:** റസ്ക് (ബ്രഡ് അല്ല), ബിസ്കറ്റ് (ക്രീം ബിസ്കറ്റ് ഒഴിവാക്കാം), കുടിവെള്ളം (20 ലിറ്റർ ക്യാനുകൾ), അരി, പഞ്ചസാര, ഉപ്പ്, ചായപ്പൊടി/കാപ്പിപ്പൊടി, പയർ, പലവ്യഞ്ജനങ്ങൾ.

**പ്രാഥമിക മരുന്നുകളും മറ്റുസാധനങ്ങളും:** ഒആർഎസ്/ഗ്ലൂക്കോസ്, വെള്ളം ശുദ്ധീകരിയ്ക്കാനുള്ള ക്ലോറിൻ, പ്രാഥമിക മരുന്നുകൾ, ഡെറ്റോൾ, കൊതുകു തിരി, ആന്റിസെപ്റ്റിക് ലോഷൻ, ആന്റി ഫംഗൽ പൗഡർ, ബ്ലീച്ചിങ് പൗഡർ, കുമ്മായപ്പൊടി, ടൂത്ത് പേസ്റ്റ്, ടൂത്ത് ബ്രഷ്, ബേബി സോപ്പ്, അലക്കു സോപ്പ്, മെഴുകുതിരി, തീപ്പെട്ടി.

## ദുരിതാശ്വാസം : എമർജൻസി കോൺടാക്റ്റ് നമ്പർ

സ്വാമി ജനതീർത്ഥൻ ജ്ഞാനതപസ്വി : 9447282560
സ്വാമി ജ്യോതിർപ്രകാശ ജ്ഞാനതപസ്വി– 8111882324
മനോജ് കുമാർ സി.പി.– 8089193959, പ്രേംദാസ് എച്ച്– 8111882399
വേണുഗോപാൽ കെ.സി.– 811188225
**പബ്ലിക് റിലേഷൻസ്** : പ്രമോദ് എം.പി.– 9961059290
സജീവൻ ഇ.– 9995888304, ധീരജ് കെ.എം.– 8111882399
ജ്യോതിനാഥ് കെ.പി.– 8111882184,അരുൺപ്രസാദ് വി.റ്റി.– 9387122172
**ഓവറോൾ അസിസ്റ്റന്റ്സ്** : മനു എൻ.എം.– 9744867657
നന്ദകുമാർ എസ്.എം. – 8111882327
**മെഡിക്കൽ എയ്ഡ് പോസ്റ്റ്** :ഡോ. ഉഷാകുമാരി ബി.– 9496020801
ഡോ. സ്മിത ആർ.ബി.– 9447013737, ഡോ. ബിന്ദിയ അശോകൻ– 9496153142, ഡോ. പ്രദീപൻ ആർ.– 9995378970
അർജുൻ പി മോഹൻദാസ്– 9567729902
**ഭക്ഷണവിതരണം:** സ്വാമി ജനസമ്മതൻ ജ്ഞാനതപസ്വി : 9446752579, ഗുരുദാസ് യു.– 8281161992, ശാന്തിപ്രിയൻ പി.ആർ.– 8330009992, ശാന്തിലാൽ റ്റി.– 8111882376
**ഇലക്ട്രിക്കൽ ആന്റ് വാട്ടർ സപ്ലൈ** : ബിനു ജി.– 8111882121
ശ്യാം.ആർ – 8891487219
**സെക്യൂരിറ്റി, സേഫ്റ്റി, ആംബുലൻസ് സർവീസ് :**
വിജയകുമാർ ആർ.എസ്.– 8111882450, എൻ. ചന്ദ്രൻപിള്ള– 9947313718
ഷിജു പവിത്രൻ– 8111882480, ആംബുലൻസ് സർവീസ്– 8111882300
**ഹൗസ് കീപ്പിംഗ് :** ദേവദാസ് വി.പി.– 8111882125,
**ട്രാൻസ്പോർട്ടേഷൻ :** ശ്രീകുമാർ പി.– 8111882127
സതീഷ് കുമാർ എ.എസ്.– 9074131898
**മെഡിസിൻ ആന്റ് സ്റ്റേഷനറി സപ്ലൈ :** സതീഷ് കുമാർ എസ്– 8111882150, മാധവദാസ് കെ.എം.– 9946932061
രാജീവൻ എസ്.– 9400333789
**സർക്കാർ ഹെൽപ് നമ്പർ :** ടോൾ ഫ്രീ നമ്പർ : 1077
തിരുവനന്തപുരം കൺട്രോൾ റൂം നമ്പർ: 0471 2730045

ഗുരുചരണം ശരണം

## സ്മരണാഞ്ജലി



**വേർപാടിന്റെ 9-ാം വർഷം**
**പി.ദേവരാജൻ**
(2009 ആഗസ്റ്റ് 18)
**ശാന്തിനിലയം, ശാന്തിഗിരി ജംഗ്ഷൻ**

Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala